അതൊക്കെയായാലും തല ചായ്ക്കാനൊരിടമെന്നതു്, ഇന്ത്യക്കാരിൽ വളരെ വലിയ ഒരു വിഭാഗത്തെ സംബന്ധിച്ചിടത്തോളം; ഇനിയുമെത്രയോ കാലത്തേക്കു് ഒരു വിദൂരസ്വപ്നമായി അവശേഷിക്കുകയേ ഉള്ളൂ.

(18 സെപ്തംബർ, 1988)

# 62. കുപ്പകളുടെ രാഷ്ട്രീയം

വ്യവസായങ്ങൾ നമുക്കു് ഒട്ടധികം ഉപഭോഗവസ്തുക്കൾ ഉണ്ടാക്കിത്തരുന്നുണ്ടു്. അതോടൊപ്പം ഓരോ വ്യവസായവും വളരെയേറെ കുപ്പ (മാലിന്യം) പുറംതള്ളുന്നുമുണ്ടു്.

ഉപഭോഗവസ്തുക്കൾ വിപണിയിൽ വിറ്റഴിയുന്നു. കുപ്പയോ? കുപ്പ ആർക്കും വേണ്ട. എന്നുവെച്ചിട്ടു് അതു് ഒരിടത്തു വെറുതെ കൂട്ടിയിടാനും വയ്യ.

കാരണം, കുപ്പ ആപല്ക്കരമാണു്. അതു് ജീവികളുടെ ആരോഗ്യത്തെ ബാധിക്കുന്നു. സസ്യസമ്പത്തു് നശിപ്പിക്കുന്നു. കുപ്പ കൂടുതലുള്ള സ്ഥലത്തു ജീവിക്കുക അസാധ്യമായിത്തീരുന്നു. ഒരു തലമുറയെ അല്ല, പല തലമുറകളെ ദ്രോഹിക്കാനുള്ള കഴിവു രാസവ്യവസായങ്ങൾ പുറന്തള്ളുന്ന കുപ്പയ്ക്കു് ഉണ്ടു്. അണുഭേദന പ്രക്രിയ നടക്കുന്ന വ്യവസായങ്ങൾ വിസർജിക്കുന്ന കുപ്പയാകട്ടെ അണുബോംബുകളെപ്പോലെതന്നെ മാരകശക്തിയുള്ളതാണു്.

കുപ്പ മണ്ണിൽ കുഴിച്ചുമൂടിയാലോ? ചിലതരം കുപ്പകൾ അങ്ങനെ ചെയ്യാം. പക്ഷേ, രാസവ്യവസായങ്ങളിലെയും അണുവൈദ്യുതി കേന്ദ്രങ്ങളിലെയും മറ്റും കുപ്പ മണ്ണിൽ കുഴിച്ചിട്ടു കൂടാ. കാരണം, മണ്ണിൽനിന്നു് അതു ഭൂഗർഭജലത്തിലേക്കു കടക്കും. ഭൂഗർഭജലത്തിൽനിന്നു കൃഷിയിടങ്ങളിലേക്കു് അവിടെനിന്നു ഭക്ഷ്യവസ്തുക്കളിലേക്കു്; അവയിൽനിന്നു മനുഷ്യ–ജന്തു ശരീരങ്ങളിലേക്കും. ഇതു വലിയ വിപത്താണു്. ഭാവിയിലെ തലമുറകളെയാണു് ഇതു കൂടുതലും ബാധിക്കുക.

കുപ്പ വലിയ വീപ്പകളിലടച്ചു കടലിൽത്തള്ളിയാലോ? കുറച്ചാണെങ്കിൽ സാരമില്ല എന്നുവയ്ക്കാം. പക്ഷേ, സമുദ്രം പരിമിതമാണു്; കുപ്പയ്ക്കു പരിമിതിയില്ല. ഭൂമിയിൽ ആകെ ഒരു സമുദ്രമേ ഉള്ളൂ. അതിന്റെ പല ഭാഗങ്ങളും ഇപ്പോൾ കുപ്പ നിറഞ്ഞു് ആവാസയോഗ്യമല്ലാതായിക്കഴിഞ്ഞിരിക്കുന്നു. അവിടവിടെ ചത്തുപൊന്തുന്ന കടൽജീവികളുടെ കൂട്ടങ്ങൾ ഈ വസ്തുത സംശയാതീതമാംവിധം വിളംബരംചെയ്യുന്നു.

കുപ്പ ഭൂമുഖത്തു പരക്കുന്നതുകൊണ്ടുള്ള വിപത്തു് ആണ്ടുതോറും മാസംതോറും ഏറിയേറിവരികയാണു്. ഈ പ്രശ്നത്തെപ്പറ്റി പഠിക്കാനും പരിഹാരങ്ങൾ നിർദേശിക്കാനും ഐക്യരാഷ്ട്രസംഘടന ഒരു ഉപസമിതിയെ ഏർപ്പെടുത്തിയിട്ടുണ്ടു്. 'ഐക്യരാഷ്ട്ര പരിസ്ഥിതി പരിപാടി' (യുണൈറ്റഡ് നേഷൻസ് എൻവിറൺമെൻറൽ പ്രോഗ്രാം—യു.എൻ.ഇ പി.) എന്നാണു് ഈ ഉപസമിതിയുടെ പേരു്. ആഫ്രിക്കയിൽ 'കെനിയ' എന്ന രാജ്യത്തിലെ നൈറോബി നഗരമാണു് ഈ സമിതിയുടെ ആസ്ഥാനം. ഒരു രാജ്യത്തുനിന്നു മറ്റൊരു രാജ്യത്തേക്കു കുപ്പ കടത്തിക്കൊണ്ടു പോകുമ്പോൾ അനുഷ്ഠിക്കേണ്ട നിയമങ്ങൾ ഈ സമിതിയുടെ ആഭിമുഖ്യത്തിൽ ഒരുകൂട്ടം അന്താരാഷ്ട്രീയ നിയമജ്ഞർ എഴുതിയുണ്ടാക്കുകയാണു് ഇപ്പോൾ. ആറു മാസത്തിനകം ഈ നിയമങ്ങളുടെ കരടുരേഖ തയ്യാറാകുമത്രെ.

1988 ജൂൺ മൂന്നാംവാരത്തിൽ കുപ്പ പെട്ടെന്നു ലോകത്തിലെ പ്രമുഖ ദിനപത്രങ്ങളുടെ തലക്കെട്ടുകളിൽ കയറിപ്പറ്റുകയുണ്ടായി. രാഷ്ട്രങ്ങൾ തമ്മിലുള്ള

സൗഹൃദബന്ധത്തെ കപ്പ തകർക്കാൻ തുടങ്ങിയതാണ് ഇതിനു കാരണം. സംഗതി ചുരുക്കിപ്പറയാം.

വ്യവസായങ്ങളിൽനിന്ന് ഉളവാകുന്ന കപ്പ ധനികരാഷ്ട്രങ്ങളുടെ പ്രശ്നമാണ്. വ്യവസായവൽകൃത രാഷ്ട്രങ്ങൾ ധനികരാഷ്ട്രങ്ങൾകൂടി ആണല്ലോ. അവയിലാണ് രാസവ്യവസായ മാലിന്യങ്ങളും അണുവൈദ്യുതീനിലയമാലിന്യങ്ങളും കുന്നുകൂടുന്നത്. ദരിദ്രരാജ്യങ്ങളിൽ വ്യവസായങ്ങൾ കുറവാണ്. അതിനാൽ കപ്പയും കുറവുതന്നെ.

കപ്പ കഴിച്ചുമൂടുന്നവർ അനുഷ്ഠിക്കേണ്ട നടപടിക്രമങ്ങളെപ്പറ്റി ധാരാളം നിയമങ്ങൾ ധനികരാഷ്ട്രങ്ങളിൽ നിലവിലുണ്ട്. ചിലതരം കപ്പകൾ കട്ടികൂടിയ കോൺക്രീററ് കൂടുകളിലടച്ചേ നിലത്തിനടിയിൽ നിക്ഷേപിക്കാവൂ. ചിലതരം കപ്പകൾ അരിച്ച് അവയിലെ രാസമാലിന്യം പരമാവധി നീക്കം ചെയ്യണം. ഇതിനൊക്കെ ഒരുപാടു പണച്ചെലവുവരും.

അമേരിക്കയിലെ ഫിലഡെൽഫിയ നഗരത്തിൽ കപ്പകൾ കത്തിച്ച ചാരമാക്കിയതു് (ഇൻസിനറേററർ ആഷ്) നിയമപ്രകാരം കഴിച്ചുമൂടാൻ ഒരു ടണ്ണിന് ആയിരം ഡോളർ എന്ന തോതിൽ ചെലവാവുമത്രെ. ഈ ചെലവു കുറയ്ക്കാൻ അവിടത്തെ വ്യവസായികൾ കണ്ട ഉപായം എന്തെന്നല്ലേ? ഈ ചാരമത്രയും കപ്പലിൽ കയററി അത്‌ലാന്തിക് സമുദ്രത്തിനു കുറുകെ ആഫ്രിക്കയുടെ പടിഞ്ഞാറെ തീരത്തുള്ള ഏതെങ്കിലും ദരിദ്രരാജ്യത്തിൽ കൊണ്ടുപോയി അവിടെ കഴിച്ചിടുക! അത്‌ലാന്തിക് സമുദ്രത്തിലേക്ക് ആഫ്രിക്ക ഉന്തിനില്ക്കുന്ന പ്രദേശത്തിനു തെക്ക് ഭൂമദ്ധ്യരേഖയ്ക്ക് അടുത്തുള്ള 'ഗിനിയ' എന്ന രാജ്യത്തിലെ സർക്കാരുദ്യോഗസ്ഥന്മാരുമായി ഇതിന് ഒരു കരാർ ഫിലഡെൽഫിയയിലെ വ്യവസായികൾ ഉണ്ടാക്കി. ഈ കരാറനുസരിച്ച കപ്പൽക്കൂലിയും ഗിനിയയ്ക്കു കിട്ടേണ്ട രാജഭോഗവും അടക്കം ഒരു ടൺ കപ്പ കഴിച്ചിടാൻ വ്യവസായികൾക്ക നാല്പതു ഡോളറേ ചെലവാവൂ. അതായതു്, ഒരു ടൺ കപ്പ മറവുചെയ്യുമ്പോൾ വ്യവസായികൾക്ക തൊള്ളായിരത്തി അറുപതു ഡോളർ ലാഭം!

പക്ഷേ, ഈ ഇടപാട് അധികം താമസിയാതെ ആഫ്രിക്കൻ ജനങ്ങളുടെ ശ്രദ്ധയിൽപ്പെട്ടു. പതിനയ്യായിരം ടൺ കപ്പ ഗിനിയയിൽ കഴിച്ചിടാനാണ് അമേരിക്കൻ വ്യവസായികൾ കരാർ ഉണ്ടാക്കിയിരുന്നതു്. ഇതിനു വാഗ്ദാനംചെയ്യപ്പെട്ട പ്രതിഫലത്തിൽ കുറെ ഗിനിയൻ ഉദ്യോഗസ്ഥർ വാങ്ങിക്കഴിഞ്ഞിരുന്നു. എങ്കിലും, കരാർ പൂർണമായി നടപ്പിലാക്കുംമുമ്പ് ഗിനിയയിലെ നാട്ടുകാർ പ്രതിഷേധം ഉയർത്തി. കരാറിൽ ഇടനിലക്കാരനായിരുന്ന നോർവേയിലെ കോൺസലിനെ ഗിനിയൻ സർക്കാർ തടവിലാക്കുകയുംചെയ്തു.

ഗിനിയയുടെ വടക്കുള്ള നൈജീരിയയിൽ ഇററലിയിൽനിന്നു കപ്പ കൊണ്ടുവന്നു കഴിച്ചിടാൻ വൻതോതിൽ നീക്കം ഉണ്ടായിരുന്നു. ഒരുപക്ഷേ, അണുവികിരണം ഉണ്ടായിരിക്കാവുന്ന നാലായിരം ടൺ രാസമാലിന്യം ഇറക്കിക്കഴിഞ്ഞപ്പോഴാണ് ജനങ്ങൾ അക്കാര്യം അറിഞ്ഞതു്. നൈജീരിയൻ സർക്കാർ ഉടനെ റോമിൽനിന്നു തങ്ങളുടെ അംബാസഡറെ തിരിച്ചുവിളിച്ചു; നൈജീരിയയുടെ തലസ്ഥാനമായ ലാഗോസിന്റെ തീരത്തു നങ്കൂരമിട്ടു കിടന്ന ഒരു ഇററാലിയൻ കപ്പൽ പിടിച്ചെടുത്തു; കപ്പ ഇറക്കുമതിചെയ്യു നൈജീരിയക്കാരെ കൊന്നുകളയുമെന്നു ഭീഷണിപ്പെടുത്തുകയുംചെയ്തു.

ഗിനിയയുടെ തെക്കുഭാഗത്തുള്ള 'കോംഗോ' എന്ന രാജ്യത്തിലെ മൂന്ന് ഉയർന്ന ഉദ്യോഗസ്ഥന്മാർ കപ്പ ഇറക്കുമതിചെയ്തു കഴിച്ചിടുന്നതിനുള്ള പ്രതിഫലമായി നാല്പതു ലക്ഷം ഡോളർ കൈപ്പററിയ വിവരം കണ്ടുപിടിക്കപ്പെട്ടു. ഇവരെയും വേറെ രണ്ടു പേരെയും കോംഗോ സർക്കാർ അറസ്റ്റ്ചെയ്തു. ചില യൂറോപ്യൻ രാജ്യങ്ങളിലെ വ്യവസായികൾ ഗിനി–ബിസ്സൗ ബേനിൻ എന്നീ രാജ്യങ്ങളുമായി കപ്പ കഴിച്ചിടുന്നതു സംബന്ധിച്ച കരാറുകളിലേർപ്പെ

ട്ടിരുന്ന വിവരവും പരസ്യമായി. ദീർഘകാലത്തെ കൊളോണിയൽ ചൂഷണത്തിനുശേഷം സ്വാതന്ത്ര്യം നേടിയ ആഫ്രിക്കൻ രാഷ്ട്രങ്ങളോട് യൂറോപ്പിലെയും അമേരിക്കയിലെയും കുത്തകമുതലാളിമാർ തുടർന്നും കാട്ടുന്ന ധിക്കാരമെന്ന് ഈ കപ്പ വ്യാപാരത്തെ നൈജീരിയൻ പ്രതിനിധി ഐക്യരാഷ്ട്രസംഘടനയുടെ യോഗത്തിൽ വിവരിച്ചു.

പക്ഷേ, ധനികരാഷ്ട്രങ്ങളുടെ കുപ്പക്കുഴികളായി മാറുന്നതിൽനിന്ന് സ്വയം സംരക്ഷിക്കാൻ ദരിദ്ര രാഷ്ട്രങ്ങൾക്ക് ഏറെ കാലത്തേക്ക സാദ്ധ്യമായേക്കുകയില്ല. പല ധനിക രാഷ്ട്രങ്ങളിലും വ്യാവസായിക മാലിന്യം കുഴിച്ചിടാൻ സ്ഥലമില്ല. ഉദാഹരണത്തിന്, ജലനിരപ്പിനേക്കാൾ താഴെയുള്ള നെതർലാൻഡ്സിൽ എന്തു കുഴിച്ചിട്ടാലും അതു ഭൂഗർഭജലത്തിൽ അലിഞ്ഞുചേരും. ഫ്രാൻസ്, ബ്രിട്ടൻ, ജർമനി, ഡെന്മാർക്ക്, സ്വീഡൻ മുതലായ രാജ്യങ്ങളിലെ കുപ്പനിയമങ്ങൾ കഠോരങ്ങളാണ്. അവ അനുസരിച്ച് കപ്പ കുഴിച്ചിടാൻ വളരെ ചെലവുവരും.

ദരിദ്ര രാജ്യങ്ങളിലാണെങ്കിൽ ആളൊഴിഞ്ഞ ധാരാളം സ്ഥലങ്ങളുണ്ട്. എന്തു സാഹസം ചെയ്തിട്ടായാലും ഡോളറും മാർക്കും ഫ്രാങ്കും മറ്റുംപോലെയുള്ള ദുർലഭങ്ങളായ വിദേശനാണ്യങ്ങൾ സമ്പാദിക്കാൻ അവിടത്തെ പണക്കാർ നോയമ്പുനോററിരിക്കുകയാണ്. ഇവർക്കു സ്വന്തം സർക്കാരുകളെ കോഴ കൊടുത്തു പാട്ടിലാക്കാൻ കഴിവുമുണ്ട്.

വ്യവസായ മാലിന്യങ്ങൾ എങ്ങനെ കുഴിച്ചിടണമെന്നതു സംബന്ധിച്ച ശാസ്ത്രീയ പരിജ്ഞാനം ദരിദ്ര രാജ്യക്കാർക്കില്ല. അതിനാൽ, ദരിദ്ര രാജ്യങ്ങളിൽ വ്യവസായ മാലിന്യം മനുഷ്യർക്കും ജന്തുക്കൾക്കും സസ്യങ്ങൾക്കും ഏററവുമധികം ദ്രോഹമുണ്ടാക്കും. ഇതിനകം നൈജീരിയയിൽ ഇററലിക്കാർ ഇറക്കിക്കഴിഞ്ഞിട്ടുള്ള അണുവികിരണമുള്ള കപ്പ കുഴിച്ചുമൂടാൻ നൈജീരിയൻ സർക്കാരിനു സാങ്കേതികസഹായം ഇന്ത്യയും ചൈനയും വാഗ്ദാനംചെയ്തിട്ടുണ്ട്.

ആഫ്രിക്കയിൽ മാത്രമല്ല, ഏഷ്യയിലുമുണ്ട് കുപ്പയുടെ പ്രശ്നം. തായ്‌ലൻഡിലെ ബാങ്കോക്കിൽ രാസവ്യവസായ മാലിന്യങ്ങൾ നിറച്ച എത്രയോ വീപ്പകൾ എങ്ങുനിന്നെന്നറിയാതെ കടൽക്കരയിൽ പ്രത്യക്ഷപ്പെട്ടുവത്രെ. സിംഗപ്പൂരിൽനിന്നു കപ്പലിൽ അയച്ചവയാണ് ഈ വീപ്പകൾ എന്നു പിന്നീടു മനസ്സിലായി. ഈ വീപ്പകളിലടങ്ങിയ കുപ്പകൾ എങ്ങനെ കുഴിച്ചിടാമെന്ന് ജപ്പാനിലെ വിദഗ്ദ്ധർ തായ്‌ലൻഡ് ഗവൺമെൻറിനെ ഉപദേശിക്കുമത്രെ. ഇവയെപ്പററി പഠിക്കുന്നതിനുള്ള ഒരു ലാബറട്ടറി സ്ഥാപിക്കാൻ തായ്‌ലൻഡിന് ജപ്പാൻ ഒരു കോടി അറുപതു ലക്ഷം ഡോളർ സൗജന്യമായി നൽകുമെന്നും പത്രങ്ങളിൽ കാണുന്നു.

മാരകങ്ങളായ മലിനവസ്തുക്കൾ നിറച്ച വീപ്പകൾ നമ്മുടെ കടൽത്തീരത്തും വന്ന് അടിഞ്ഞുതുടങ്ങിക്കൂടെന്നില്ല. ഇന്ത്യയിൽ ഇന്നുള്ള വ്യവസായങ്ങൾ തന്നെ വേണ്ടതിലധികം കുപ്പ പുറംതള്ളുന്നുണ്ട്. ഇതു് എങ്ങനെ കൈകാര്യം ചെയ്യാമെന്ന കാര്യത്തിൽ നാം ഇനിയും ഒരു നിർണയത്തിലെത്തിയിട്ടില്ല. കൂട്ടത്തിൽ രാസമാലിന്യങ്ങൾ മറുനാടുകളിൽനിന്ന് ഇറക്കുമതിചെയ്ത് ധനസമ്പന്നത നേടാൻ നമ്മുടെ പണക്കാരിൽ ചിലരെങ്കിലും മുന്നോട്ടു വന്നുകൂടായ്കയുമില്ല.

കുപ്പ—ലോക രാഷ്ട്രീയത്തെ നാം സശ്രദ്ധം നിരീക്ഷിച്ചുകൊണ്ട് ഇരിക്കണം എന്നു സാരം.

(1 ജൂലൈ, 1988)